# ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഇരട്ടത്താപ്പ്

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഇന്ത്യയിലെ മുഖ്യ ഇലക്ട്രോണിക്ക് മാധ്യമങ്ങളായ റേഡിയോയും ടെലിവിഷനും സർക്കാർ ഡിപ്പാർട്ടുമെൻറുകളാണ്. അവ സ്വതന്ത്ര സ്ഥാപനങ്ങൾ ആകണമെന്നു വാദിക്കുന്നത് ആത്മവഞ്ചനയുടെ ഭാഗമെന്നേ പറയുവാനുള്ളു. സർക്കാർ വകുപ്പായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങാം തികച്ചും നിഷ്പക്ഷതയോടെ കാര്യങ്ങൾ നടത്താൻ നിർബ്ബന്ധിതരാണ്. പോലീസ്, നീതിന്യായം, ആരോഗ്യം എന്തിന് റവന്യൂ വകുപ്പുപോലും, നിഷ്പക്ഷതയോടെ കർത്തവ്യങ്ങളനുഷ്ഠിച്ചില്ലെങ്കിൽ എന്താണ് ഫലം? ഏതു കക്ഷി അധികാരത്തിലിരുന്നാലും ഇവരൊക്കെ ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടത് നീതിയോടും നിഷ്പക്ഷതയോടുമായിരുന്നേ മതിയാവു. ഇത്തരം ശുദ്ധ സർക്കാർ വകുപ്പുകളെക്കാൾ ജനസ്വഭാവത്തെ സ്വാധീനിക്കുന്ന ഡിപ്പാർട്ടുമെൻറാണ് പ്രക്ഷേപണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അതുകൊണ്ട് നിഷ്പക്ഷത പരിപാലിക്കുന്നതിൽ ഇവർ കൂടുതൽ ആത്മാർത്ഥത കാട്ടേണ്ടിയിരിക്കുന്നു. മാറിമാറി വരുന്ന കക്ഷികളുടെ ജിഹ്വകളല്ലല്ലോ സർക്കാർ ഡിപ്പാർട്ടുമെൻറുകൾ. സമസ്ത ജനങ്ങളും നല്കുന്ന നികുതി കൊണ്ടു പ്രവർത്തിക്കുന്നവരായതിനാൽ കാശു കൊടുക്കുന്ന മൊത്തം ജനങ്ങളോടും ഇവർക്ക് കടപ്പാടും ബാധ്യതയുമുണ്ട്; ഒരു കക്ഷിയോടു മാത്രമല്ല.

അധികാരത്തിൽ വന്ന ഒരുകക്ഷി റേഡിയോ, ടെലിവിഷൻ തുടങ്ങിയവയെ തങ്ങളുടെ സ്വകാര്യതാൽപര്യങ്ങൾക്കു മാത്രമാക്കി പ്രവർത്തിപ്പിച്ചു തുടങ്ങുന്നത്, ആ കക്ഷിക്ക് തന്നെ വിപത്തു വരുത്തുമെന്നു കാണിക്കുന്ന അനുഭവങ്ങൾ ലോകത്തിലെ പലഭാഗങ്ങളിലും ചരിത്രസംഭവങ്ങളായി തീർന്നിട്ടുണ്ട്. പണ്ട് കമ്മ്യൂണിസ്റ്റാധിപത്യത്തിലിരുന്ന രാജ്യങ്ങളിലെ പില്ക്കാല ചരിത്രം കാണിക്കുന്നത് ഇതുതന്നെയല്ലേ? ഇവിടെ, അടിയന്തിരാവസ്ഥാനുഭവങ്ങളും അതല്ലെ വിളിച്ചു പറഞ്ഞത്? ഇങ്ങനെയൊരു അവസ്ഥവരുമ്പോൾ ജനങ്ങൾ, അവരുടെ മേലാളന്മാർ നടത്തുന്ന മാദ്ധ്യമങ്ങളിലൂടെ വരുന്ന സത്യത്തെപ്പോലും അവിശ്വസിച്ചു തുടങ്ങും. വിദേശ മാധ്യമങ്ങളോടുള്ള താല്പര്യം സ്വാഭാവികമായും വളർത്തും. വിദേശ റേഡിയോ പരിപാടികൾ കേൾക്കാൻ കമ്മ്യൂണിസ്റ്റാധിപത്യ രാജ്യങ്ങളിലെ ജനങ്ങൾ രഹസ്യമായി കാണിച്ച ഉത്സാഹാവേശം ഇവിടെ സ്മരണീയമാണ്.

ഒരു ഭീകര സ്വപ്നമായിട്ടനുഭവിച്ച അടിയന്തിരാവസ്ഥാകാലത്ത് സർക്കാർ മാധ്യമങ്ങൾക്കുണ്ടാവുന്ന ദുരന്തങ്ങളുടെ ഏകദേശ രൂപം ഇവിടെ പ്രത്യക്ഷമായിട്ടുണ്ടല്ലോ. അതിനെ സംബന്ധിച്ചുള്ള കമ്മീഷൻ റിപ്പോർട്ടുകൾ ഓർമ്മിക്കാൻപോലും ഇന്നത്തെ അധികാരികൾക്ക് സമയമില്ല. അതുകൊണ്ട് തെറ്റുകൾ ഇവിടെ ആവർത്തിക്കപ്പെടുന്നു. ഇതിൻെറ ഉദാഹരണങ്ങളാണ് കഴിഞ്ഞ ഒന്നുരണ്ടു മാസങ്ങളിൽ ഇവിടെ നടന്നിട്ടുള്ളതും, ഇന്നും നടന്നുകൊണ്ടിരിക്കുന്നതും.

ഇവിടത്തെ പ്രക്ഷേപണം, ആകാശവാണിയുടെതും ദൂരദർശൻെറയും, ഏതടിസ്ഥാനത്തിലായിരിക്കണമെന്നു നിർദ്ദേശിക്കുന്ന ഒരു തത്ത്വസംഹിത-എ. ഐ. ആർ. കോഡ്- ഇവിടെ പ്രാബല്യത്തിലുണ്ടെന്നാണ് വെയ്പ്. നിരോധിക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെപേർ എടുത്തു പറഞ്ഞു വിമർശിക്കുന്നതും ആക്ഷേപിക്കുന്നതും കോഡിൽ വിലക്കിയിരിക്കുന്നു. അഥവാ അപ്രകാരം ചെയ്താൽ അതിനുപയോഗപ്പെടുത്തിയത്രയും സമയം തന്നെ, വിമർശന വിധേയമായ കക്ഷിക്ക് തങ്ങളുടെ നിലപാടും നയപരിപാടിയും മറ്റും വിശദീകരിക്കാൻ നല്കേണ്ടതാണ്. പാർലിമെൻറിലെ പ്രതിപക്ഷ കക്ഷിയായിട്ടംഗീകരിക്കുകയും, ആ കക്ഷിയുടെ നേതാവിന് പ്രതിപക്ഷ നേതാവിൻെറ എല്ലാ സ്ഥാനമാനങ്ങൾ നല്കുകയും ചെയ്തിട്ടുള്ള ഒരു രാഷ്ട്രീയ കക്ഷിയെ എത്ര നഗ്നമായ രൂപങ്ങളിലാണ് റേഡിയോയിലും ദൂരദർശനിലും ചിത്രീകരിക്കുന്നത്! എ. ഐ. ആർ. കോഡിൻെറ നിരാകരണത്തിലൂടെ ചെയ്യുന്ന പ്രചരണങ്ങളുടെ മൂർദ്ധന്യ മാതൃകകളാണ് കഴിഞ്ഞ കുറെയാഴ്ചകളിൽ കേൾക്കാനും കാണാനും സാധിച്ചിരുന്നത്!

സമസ്ത ജനങ്ങൾക്കും ഒരു പോലെ പ്രസക്തവും പ്രധാനപ്പെട്ടതുമാണ് എ. ഐ. ആർ. കോഡ്. അത് പിച്ചിച്ചീന്തുന്നതിനു കൂട്ടുനില്ക്കാനും അതിന് ഓശാന ചൊല്ലാനുമാണ് മറ്റു പല കക്ഷികളും തല്പരരായിട്ടുള്ളതെന്നത് വിചിത്രം തന്നെ. പ്രതിപക്ഷ ബഹുമാന മുറപ്പു വരുത്താത്ത ഏതു നടപടിയും ജനാധിപത്യത്തിൻെറ നിഷേധമാണ്. പ്രഖ്യാപിതമായ പ്രത്യയശാസ്ത്രടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഏതൊരംഗീകൃത രാഷ്ട്രീയ കക്ഷിയെയും നേരിടേണ്ടതും എതിർക്കേണ്ടതും പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ തന്നെയാവണം; ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ടായിരിക്കരുത്.

സർക്കാറിൻെറ വകുപ്പായിട്ടിരിക്കുന്ന മാധ്യമങ്ങൾക്ക് മൊത്ത ജനങ്ങളോടുമാണ് പ്രതിബദ്ധതയുള്ളത്. അപ്പപ്പോൾ അധികാരത്തിലിരിക്കുന്ന കക്ഷിയോടല്ല. പ്രലോഭനങ്ങൾക്കും, പ്രതികാര ഭീഷണികൾക്കും അതിൽ പ്രവർത്തിക്കുന്നവരെ വിധേയരാക്കുന്നത് അല്പന്മാരായ രാഷ്ട്രീയക്കാരുടെ പ്രവർത്തനശൈലിയാണ്. വളയാൻ പ്രേരിപ്പിക്കുമ്പോൾ, ഇഴയാൻ തയ്യാറാകുന്ന ഉദ്യോഗസ്ഥന്മാർ ഇവിടെ മാത്രമല്ല എവിടെയും കാണും. അതിൻെറ പശ്ചാത്തലത്തിനുത്തരവാദികൾ അല്പന്മാരായ രാഷ്ട്രീയക്കാർതന്നെ.

മഹാഭാരത-രാമായണ പരമ്പരകൾ പുനഃസംപ്രേക്ഷണം ചെയ്യുന്നത് ആപൽക്കരമാണെന്നു വിധിക്കുന്ന വിദ്വാന്മാർക്കു ക്ഷാമമില്ലാത്ത സങ്കേതമായിത്തീർന്നിരിക്കുകയാണത്രേ ദൂരദർശൻെറ തലസ്ഥാനം! രാമായണ-മഹാഭാരതാദികൾ വർഗ്ഗീയത വളർത്തുന്ന പൈങ്കിളിപ്പാട്ടുകളാണെന്നു വിധിച്ചാണത്രെ അടുത്തകാലത്ത് അവയ്ക്ക് പുനഃപ്രക്ഷേപണാനുമതി നിഷേധിച്ചത്! വായിൽതോന്നുന്നതെതും വിളിച്ചുപറഞ്ഞു നാടുചുറ്റുന്നവരെ ബുദ്ധിജീവികളെന്നു വാഴ്ത്തുന്ന ഒരു തലമുറയ്ക്ക് ജന്മം നൽകാനേ ഇത്തരം വികടവിധികൾ വഴി തെളിക്കൂ!

സ്വകാര്യ ഉടമസ്ഥതയിലുള്ള പത്രമാസികകളുടെയുന്നം കഴിയുന്നത്ര കാശു നേടുകയെന്നതു മാത്രമാണ്. അല്ലെന്നു വരുത്താൻ അവർ അണിയുന്ന അങ്കിയാണ് ആദർശവും ബഹുജനക്ഷേമവുമെഴുതിയ കുപ്പായങ്ങൾ! കക്ഷിരാഷ്ട്രീയത്തെക്കാൾ 'കാശു'രാഷ്ട്രീയമാണവർ കളിക്കുന്നത്. അതു കാണാനും അറിയാനുമുള്ള സാമാന്യ ബുദ്ധി ജനങ്ങൾക്കുണ്ടുതാനും. എന്നാൽ തികഞ്ഞ നിഷ്പക്ഷത നിർബ്ബന്ധമായി പാലിക്കേണ്ട സർക്കാർ മാദ്ധ്യമങ്ങൾ, അവരുടെ കർത്തവ്യം വിസ്മരിച്ചു തുടങ്ങുന്നത് ആപൽസൂചനയാണ്; കൂടുതൽ കഠിനമായ ദുരന്തത്തിൻെറ മുന്നറിയിപ്പ്! അതിനെതിരായി പ്രതികരിക്കാനും സമ്മർദ്ദം ചെലുത്താനും വിവേകമുള്ള ഏതൊരാളിനും കർത്തവ്യമുണ്ട്, ബാദ്ധ്യതയുണ്ട്.

കേസരി, മാർച്ച് 21, 1993